കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വയലാർ ഗ്രാമപഞ്ചായത്ത്

# 2016-2017

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി2-1173/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ – 688 011
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com
തീയതി: 18.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വയലാർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വയലാർ ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വയലാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി2-1173/2017 തീയതി: 18.09.2017

# *ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്*

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.11.2016 മുതൽ 31.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.08.2017 മുതൽ 31.08.2017 വരെ | ശ്രീ. രാജീവ് ആർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്) |
| | ശ്രീ. രാജേഷ് കെ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. റോയ് റ്റി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1. | ശ്രീ. സി.ആർ.ബാഹുലേയൻ | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. പി. ഡി. ജോഷി | 01.04.2016 -12.03.2017 |
| 2 | ശ്രീമതി. മേഴ്സി ചെറിയാൻ | 13.03.2017 -31.03.2017 |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | |
|---|---|---|
| ധനകാര്യം | ശ്രീമതി. ഗീതാ വിശ്വംഭരൻ | 01.04.2016 – 31.03.2017 |
| വികസനകാര്യം | ശ്രീ. എസ്. വി. ബാബു | 01.04.2016 - 31.03.2017 |
| ക്ഷേമകാര്യം | ശ്രീമതി. ഇന്ദിര. കെ. | 01.04.2016 - 31.03.2017 |
| ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീ. യു. ജി. ഉണ്ണി | 01.04.2016 - 31.03.2017 |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. അയിഷ.ആർ. | 01.04.2016 - 31.03.2017 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ഡോ. പ്രസിമോൾ | 01.04.2016 - 31.03.2017 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ശ്രീദേവി കെ.എസ്. | 01.04.2016 - 31.03.2017 |
| വെറ്ററിനറി സർജൻ | ഡോ. ഹേമ ട്രീസ | 01.04.2016 - 31.03.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. മേരി.എ.ജെ. | 01.04.2016 - 30.06.2016 |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| | ശ്രീമതി. ജയകല.പി.വി. | 01.07.2016 - 31.03.2017 |
| പ്രധാന അധ്യാപിക, ഗവ. എൽ.പി.എസ്. | ശ്രീമതി. അനിത.എസ്. | 01.04.2016 - 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ദിലീഷ്. എൻ. ഡി. | 01.04.2016 - 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ജോസഫ്. ടി. വി. (വയലാർ) | 01.04.2016 - 31.03.2017 |
| | ശ്രീമതി. ഷെൽബി ജോസ് (ഒളതല) | 01.04.2016 - 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ഷിന്ധ്യ.എൽ.കെ. | 01.04.2016 - 31.03.2017 |

<u>*ഉള്ളടക്കം*</u>


| ക്രമനം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| ഭാഗം-1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തനത് വരുമാനം | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം-2 | | |
| 11 | വസ്തുനികുതി നിർണ്ണയത്തിലെ ന്യൂനതകൾ | 2-1 |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-2 |

| | | |
|---|---|---|
| 13 | ഡി ആന്റ് ഒ ലൈസൻസ് -അപാകതകൾ | 2-3 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-4 |
| 15 | തനത് ഫണ്ട് നിക്ഷേപത്തിന് പലിശ ലഭിക്കുന്നില്ല. | 2-5 |
| 16 | ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർഫീ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല | 2-6 |
| ഭാഗം-3 | | |
| 17 | പൊതു ടാപ്പുകളുടെ വെള്ളക്കരം-വരുമാന നഷ്ടം കുറയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-1 |
| 18 | തെരുവ് വിളക്കുകളുടെ വാങ്ങലും അറ്റകുറ്റപണിയും - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 19 | ഗവ. ഐ.റ്റി.ഐ- സർക്കാർ നിർദ്ദേശം മറികടന്ന് വാടകയിനത്തിൽ തുക നൽകി | 3-3 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- കരാർ/ പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-4 |
| 21 | എ.ബി.സി. പ്രോഗ്രാം, സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ- വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല | 3-5 |
| 22 | മൃഗാശുപത്രി കെട്ടിടത്തിന്റെ വാടക – രേഖകൾ ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 23 | വാർഡുതല ശുചീകരണം – ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-7 |
| 24 | പി.എച്ച്.സി. ലാബ് കെട്ടിടം വൈദ്യുതീകരണം- ബില്ലിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കുറവ് ചെയ്തില്ല | 3-8 |
| 25 | പ്രിന്റിംഗ് ചെലവുകൾ -പ്രോജക്ടിലെ അപാകതകൾ | 3-9 |
| 26 | അർഹതാ രേഖകൾ ഉറപ്പ് വരുത്താതെ ആനുകൂല്യം നൽകി | 3-10 |
| 27 | കുടിവെള്ള ടാങ്ക് വിതരണം -പ്രോജക്ട് ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചില്ല | 3-11 |

| | | |
|---|---|---|
| 28 | ആശുപത്രി ഉപകരണങ്ങൾ/ മരുന്ന്- വാങ്ങൽ- ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സപെടുത്തുന്നു | 3-12 |
| 29 | തുക ഒടുക്കിയിട്ടും മരുന്ന് ലഭിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-13 |
| 30 | പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള കരാറുകളിൽ പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നില്ല. | 3-14 |
| 31 | ബിറ്റുമിന്റെ മാർക്കറ്റ് റേറ്റ് വില വ്യത്യാസം കുറവ് ചെയ്യാതിരുന്നത് മൂലം അധികച്ചെലവ് | 3-15 |
| 32 | ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്യാതിരുന്നത് മൂലം അധിക തുക നൽകി | 3-16 |
| 33 | യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 3-17 |
| 34 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-18 |
| ഭാഗം-4 | | |
| 35 | വാർഷിക കണക്ക് പരിശോധന. | 4-1 |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ 1(1) ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 12,63,72,960 | 12,08,32,300 |
| വാർഷിക കണക്ക് പ്രകാരം (RP പത്രിക പ്രകാരം) | 4,82,62,564 | 4,66,97,897 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 31.05.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധം 1- ആയി ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 12782650 | 11505903 | 90 |
| വികസനഫണ്ട് എസ്.സി.പി. | 4734270 | 2896478 | 61 |
| വികസനഫണ്ട് ടി.എസ്.പി. | 149034 | 130851 | 87.79 |
| സംരക്ഷണഗ്രാന്റ് റോഡ് | 1173864 | 816138 | 69.53 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3945552 | 3378536 | 85.62 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7168744 | 5592401 | 78 |

| | | | |
|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 2537632 | 2537632 | 100 |
| ബി ഫണ്ട് | 33507115 | 33507115 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 59597000 | 59594000 | 99.9 |
| | (മുന്നിരിപ്പ് 1835/- രൂപ ഉൾപ്പെടെ) | | (നീക്കിയിരിപ്പ് 18702/- രൂപ) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 169 | 49421121 | 92 | 30864660 | 10 | 67 | 54.43 |

## 1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.39ശതമാനം കൂടുതൽ ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം 2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4416748 | 4673076 | 256328 | 5.8 |
| നികുതിയേതര വരവുകൾ | 449261 | 288566 | 160695 | (-) 35.7 |
| മറ്റ് വരവുകൾ | 120635 | 1007691 | 887056 | 735 |
| ആകെ | 4986644 | 5969333 | 982689 | 19.71 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 840100 | 457 |
| കർഷകതൊഴിലാളി പെൻഷൻ | 1460930 | 169 |
| വിധവാപെൻഷൻ | 5202660 | 597 |
| വാർദ്ധക്യകാലപെൻഷൻ | 22447410 | 2409 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 2455595 | 266 |
| അവിവാഹിതപെൻഷൻ | 770420 | 88 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 330000 | 11 |

ഗ്രാമപഞ്ചായത്ത് തൻവർഷം 3997 ഗുണഭോക്താക്കൾക്ക് ക്ഷേമ പദ്ധതികൾക്കായി 33507115/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.8.2017 ഉച്ച തിരിഞ്ഞ് 2.45 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 1919/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. പ്രധാന തനതു വരുമാനമായ കെട്ടിട നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയറിലെ പോരായ്മകൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്ററിൽ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് വിവരം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക്-ഇൻ- രജിസ്റ്റർ, സ്റ്റോക്ക്-ഔട്ട് രജിസ്റ്റർ, അൺ സർവ്വീസബിൾ ഐറ്റംസ് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചതായി കാണുന്നില്ല.ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.05.2017 | 01.04.2017 – 30.04.2017 | 22.07.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമാക്കിയില്ല | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയത്തിലെ ന്യൂനതകൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.11.2011 ലെ 19/2011/ തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വയലാർ പഞ്ചായത്ത് വസ്തു നികുതി സംബന്ധിച്ച 16.1.2012ൽ പുറപ്പെടുവിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി 1 ചതുരശ്ര മീറ്ററിന് 50/-

രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി 1 ചതുരശ്ര മീറ്ററിന് 70/- രൂപയുമാണ്. എന്നാൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധ മുറികൾക്ക് പ്രത്യേകം നികുതി നിശ്ചയിക്കുകവഴി ഓരോ മുറിയും 100 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തുകയും ഇവയ്ക്ക് ചതുരശ്ര മീറ്ററിന് 50/-രൂപ നിരക്കിൽ നികുതി നിർണ്ണയിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന നികുതി വരുമാനത്തിൽ വലിയ കുറവ് വന്നിട്ടുണ്ട്.

1. ഒൻപതാം വാർഡിൽ സ്ഥിതിചെയ്യുന്ന വയലാർ സെന്റ് ആൻസ് ചർച്ചിന്റെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന് 2014 ഒന്നാം അർദ്ധ വർഷം മുതൽ നികുതി ചുമത്തിയിട്ടുള്ളതാണ്. ഷോപ്പിംഗ് കോംപ്ലക്സിലെ 9/465 B മുതൽ H വരെയുള്ള 7 മുറികൾക്കും പ്രത്യേകമായാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. അതുപോലെ നാലാം വാർഡിലെ ശ്രീ. എം.കെ. ജിനദേവിന്റെ ഉടമസ്ഥതയിലുള്ള മൂന്നുനില ഷോപ്പിംഗ് കോംപ്ലക്സിലെ 4/459 A മുതൽ I വരെയുള്ള മുറികൾക്കും പ്രത്യേകമായാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. എം.കെ. ജിനദേവിന്റെ പേരിലുള്ള ടി കടമുറികൾക്ക് 2015-16 ഒന്നാം അർദ്ധ വർഷം മുതൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നു. വയലാർ ജംഗ്ഷനിൽ പഞ്ചായത്തിന് സമീപം സ്ഥിതിചെയ്യുന്ന ടി ബഹുനില കെട്ടിടത്തിന്റെ 237 ചതുരശ്ര മീറ്റർ ഭാഗത്തിന് (താഴത്തെ നില126 ചതുരശ്ര മീറ്റർ, ഒന്നാംനില 111 ചതുരശ്ര മീറ്റർ) മാത്രമാണ് ഇത്തരത്തിൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ച് ഇടാക്കുന്നത്. ഒന്നാം നിലയിലെ ശേഷിക്കുന്ന ഭാഗത്തിനും രണ്ടാം നിലയ്ക്കും നാളിതുവരെ നികുതി നിർണ്ണയിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീറ്ററിൽ) | അടിസ്ഥാന വസ്തുനികുതി | വർദ്ധന (20%) | ഇളവ് 10% | ബഹുനില വാണിജ്യ ആവശ്യത്തിനുള്ള ഇളവ് 5%. | ഈടാക്കിയ വസ്തു നികുതി, സെസ് & സേവന നികുതി |
|---|---|---|---|---|---|---|
| 9/465B മുതൽ H വരെ 7മുറികൾ | 159.78 | 7989 | 1598 | 799 | | BT-8788, LC-440, ST-879 |
| 4/459A,B,C,D&G 5മുറികൾ | 126 | 6300 | 1260 | 630 | -- | BT-6930, LC-347, ST-693 |
| 4/459E,F,H&I, 4 മുറികൾ | 111 | 5550 | 1110 | 555 | 305 | BT-5800, LC-290, ST-580 |

ഇവ ഒറ്റ ബിൽഡിങ്ങായതിനാൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള

കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി 1 ചതുരശ്ര മീറ്ററിന് 70/- രൂപ എന്ന നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. ഇപ്രകാരം നികുതി നിർണ്ണയിക്കാതിരുന്നതുമൂലം വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് ഓരോ വർഷവും താഴെപറയുംപ്രകാരം കുറവുണ്ടായിട്ടുണ്ട്.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീറ്ററിൽ) | ഈടാക്കിയ വസ്തു നികുതി, സെസ് & സേവന നികുതി | ഈടാക്കേണ്ട വസ്തു നികുതി, സെസ് & സേവന നികുതി | കുറവ് |
|---|---|---|---|---|
| 9/465B മുതൽ H വരെ 7മുറികൾ | 159.78 | BT-8788, LC-440, ST-879 | BT-12303, LC-615, ST-1230 | 4041/- (BT-3515, LC-175, ST-351) |
| 4/459 A മുതൽ I വരെ 9 മുറികൾ | 237 | BT-12730, LC-637, ST-1273 | BT-17861, LC-893, ST-1786 | 5900/- (BT-5131, LC-256, ST-513) |
| ആകെ | | | | 9941 |

മേൽ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കുകവഴി തൻവർഷം മാത്രം 9941/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിനാൽ മേൽ പറഞ്ഞ പ്രകാരം ടി കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണത്തിന് ബാധകമായ ഒരു ചതുരശ്ര മീറ്ററിന് 70 രൂപയെന്ന നിരക്കിൽ നികുതി പുന.നിർണ്ണയിച്ച് കുടിശ്ശിക സഹിതം ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ശ്രീ എം.കെ. ജിനദേവിന്റെ ഉടമസ്ഥതയിലുള്ള മുന്നുനില ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം നിലയിലെ ശേഷിക്കുന്ന ഭാഗത്തിനും രണ്ടാം നിലയ്ക്കും അടിയന്തിരമായി നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്..

2. ശ്രീ. പി. ജി. രവീന്ദ്രൻ, അഞ്ജലി, പട്ടണക്കാട് എന്നയാളുടെ ഉടമസ്ഥതയിലുള്ള 15/449A നമ്പർ കെട്ടിടത്തിന്റെ വിസ്തീർണ്ണം 388.4 ചതുരശ്ര മീറ്ററാണ്. സഞ്ചയയിലെ ഫോ നം 6 പ്രകാരം ടി കെട്ടിടം ഗോഡൗണാണ്. ഒരു ചതുരശ്ര മീറ്റിന് 50 രൂപയെന്ന നിരക്കിൽ വസ്തുനികുതിയിനത്തിൽ 22,333/- രൂപയാണ് (BT-19420, LC-971, ST-1942) 2014 ഒന്നാം അർദ്ധ വർഷം മുതൽ ഈടാക്കുന്നത്. വയലാർ പഞ്ചായത്ത് വസ്തു നികുതി സംബന്ധിച്ച 16.1.2012ൽ പുറപ്പടുവിച്ച അന്തിമ വിജ്ഞാപന പ്രകാരം 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗണുകൾ എന്നിവയ്ക്ക് അടിസ്ഥാന വസ്തു നികുതി ഒരു ചതുരശ്ര മീറ്ററിന് 50/- രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗണുകൾ എന്നിവയ്ക്ക് അടിസ്ഥാന വസ്തു നികുതി ഒരു ചതുരശ്ര മീറ്ററിന് 70/- രൂപയുമാണ്. ഇതനുസരിച്ച് മേൽ ഗോഡൗണിന് വസ്തുനികുതിയിനത്തിൽ ചുമത്തേണ്ടിയിരുന്നത് 31,267/- രൂപയാണ് (BT-27188, LC-1360, ST-2719). ഇപ്രകാരം നികുതി നിർണ്ണയിച്ച് ഈടാക്കാതിരുന്നതുമൂലം തൻവർഷം മാത്രം പഞ്ചായത്തിന് 8934/- രൂപയുടെ (31267 - 22333) വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. നികുതി നിർണ്ണയം അടിയന്തിരമായി പുനഃപരിശോധിച്ച് കുടിശ്ശിക സഹിതം കെട്ടിടയുടമയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല</u>

പ്രാദേശിക അന്വേഷണത്തിൽ പഞ്ചായത്തിലെ 3,7,11,15 എന്നീ വാർഡുകളിൽ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി അറിയാൻ കഴിഞ്ഞു. എന്നാൽ പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ 11-)ാം വാർഡിലെ 425A നമ്പർ മൊബൈൽ ടവറിന്റെ വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടവറുകളുടെ വാർഡ് തിരിച്ചുള്ള എണ്ണം, വിസ്തീർണ്ണം, അസസ് ചെയ്ത വർഷം, നാളിതുവരെ ഡിമാന്റ് ചെയ്ത് ഈടാക്കിയ വസ്തുനികുതിയുടെ വിവരം എന്നിവ അടിയന്തിരമായി

ലഭ്യമാക്കുന്നതിന് രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളുടെയും വസ്തു നികുതി സഞ്ചയ മുഖേന അസസ് ചെയ്ത് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് ഫീസ്

1. ഡി ആന്റ് ഒ ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

   2016-17 വർഷത്തെ ട്രേഡേഴ്സ് രജിസ്റ്റർ, ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രകാരം 150 സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ 2017-18 വർഷത്തെ ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 301 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 151 സ്ഥാപനങ്ങളും 2017-18 വർഷം മാത്രം പ്രവർത്തനം ആരംഭിച്ചതാകുവാൻ സാധ്യതയില്ല. ആയതിനാൽ 2016-17 വർഷം പകുതിയോളം സ്ഥാപനങ്ങൾ മാത്രമാണ് നിയമാനുസൃതം ലൈസൻസ് കരസ്ഥമാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. ഉദാഹരണമായി ആറാം വാർഡിലെ ശ്രീ. മഞ്ഞിലക്കാട്ട് ഗോപിയുടെ ഉടമസ്ഥതയിലുള്ള കോഴിഫാം നാളിതുവരെ പഞ്ചായത്തിൽ നിന്നും ലൈസൻസ് കരസ്ഥമാക്കിയിട്ടില്ല. വർഷങ്ങളായി പ്രവർത്തിക്കുന്ന ടി സ്ഥാപനം പഞ്ചായത്ത് നടപ്പിലാക്കുന്ന മുട്ടക്കോഴി വിതരണ പദ്ധതികൾക്കുൾപ്പെടെ കോഴികളെ വിതരണം ചെയ്യുന്നുണ്ട്. ഓരോ വർഷവും ലക്ഷക്കണക്കിന് രൂപയുടെ കച്ചവടം നടത്തുന്ന ടി സ്ഥാപനം ഡി.ആന്റ് ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചിട്ടും നാളിതുവരെ യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടതാണ് തൻവർഷം ലൈസൻസ് എടുക്കാതെ നിയമവിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2. ഒരേ തരത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി.

   സരോജനി, നിവർത്തിൽ കടക്കരപ്പള്ളി എന്നയാളുടെ ഉടമസ്ഥതയിലുള്ളതും 32 HP മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്നതുമായ പത്മാ സോമിൽ എന്ന സ്ഥാപനത്തിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസായി 4000/- രൂപയും മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് 400/-രൂപയും തൊഴിൽ നികുതിയായി 2500/- രൂപയും ഈടാക്കിയപ്പോൾ സജി.കെ.കെ, കാർത്തിക കളവംകോടം എന്നയാളുടെ ഉടമസ്ഥതയിലുള്ളതും 32 HP മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്നതുമായ കാർത്തിക സോമിൽ എന്ന സ്ഥാപനത്തിൽ നിന്നും തൻവർഷത്തെ ഡി & ഒ ലൈസൻസ് ഫീസായി 600/- രൂപയും മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് 400/-രൂപയും തൊഴിൽ നികുതിയായി 600/- രൂപയുമാണ് ഈടാക്കിയിരിക്കുന്നത്. അപേക്ഷയിൽ കാർത്തിക സോമിൽ ഉടമ പ്രതിദിന വരുമാനമായി 800/- രൂപയും പത്മാ സോമിൽ ഉടമ 1000/- രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പട്ടിക II പ്രകാരം പ്രതിദിന വിറ്റുവരവ് കണക്കാക്കുവാൻ ബുദ്ധിമുട്ടുള്ളതിനാലും സ്ഥാപനം അത് കുറച്ചു കാണിക്കുവാൻ സാധ്യതയുള്ളതിനാലും സ്ഥിരനിക്ഷേപത്തിന്റെ (യന്ത്ര സാമഗ്രികൾ മാത്രം) 5% ദിവസേനയുള്ള വിറ്റുവരവായി കണക്കാക്കി ഫീസ് ചുമത്താവുന്നതാണ്. ഈ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്

## 2-4 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1. ആയുർവ്വേദ ഡിസ്പെൻസറിയിലെ NRHM ജീവനക്കാരായ ഇ.ബി. ആഷ്ലി, എസ്. സുവർണ്ണ എന്നിവരുടെ പ്രതിമാസ വേതനം 16200/- രൂപയും അർദ്ധവാർഷിക വരുമാനം 97200/- രൂപയുമാണ്. എന്നാൽ ഇവരിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ നികുതിയായി 450 രൂപവീതമാണ് ഈടാക്കിയിരിക്കുന്നത് (11603101460/ 11.9.2016). ശേഷിക്കുന്ന 600/-രൂപ (300+300) ഇതുവരെ ഈടാക്കിയിട്ടില്ല.

2. വി.ആർ.വി.എം. ഗവ. എച്ച്.എസ്.എസ് ലെ ഹൈസ്കൂൾ വിഭാഗത്തിലെ 27 ജീവനക്കാരുടെ രണ്ടാം

അർദ്ധവർഷത്തെ തൊഴിൽ നികുതിയായി 33,750/- ഒടുക്കിയതായി അർദ്ധവാർഷിക പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 26 ജീവനക്കാരുടെ നികുതിയായ 32,500/- രൂപയാണ് ജീവനക്കാരുടെ നികുതിയായി ഈടാക്കിയിരിക്കുന്നത് (രസീത് നം 11603103357/ 28.2.2017). കുറവ് വന്ന 1250/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല.

3. കളവംകോടം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 895 ഒന്നാം അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽ നികുതിയായി 7500/- രൂപയും (രസീത് നം 11603101368/ 22.8.2016) ചേർത്തല കയർ മാറ്റ്സ് & മാറ്റിംഗ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം ഒന്നാം അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽ നികുതിയായി 1500/- രൂപയും (രസീത് നം 11603101669/ 28.9.2016) ഒടുക്കിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
4. കളവംകോടം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം 895, ചേർത്തല കയർ മാറ്റ്സ് & മാറ്റിംഗ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ ഒന്നാം അർദ്ധവർഷത്തെ സ്ഥാപന നികുതിയായി 1250/- രൂപവീതം ഒടുക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

മേൽ പരാമർശിച്ചിട്ടുള്ള കുടിശ്ശിക തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും/ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്

## 2-5 <u>തനത് ഫണ്ട് നിക്ഷേപത്തിന് പലിശ ലഭിക്കുന്നില്ല.</u>

ജില്ലാ സഹകരണ ബാങ്ക് (അക്കൗണ്ട് നമ്പർ. 4022/10/09/000002) വയലാർ ശാഖ, കോർപ്പറേഷൻ ബാങ്ക്, വയലാർ ശാഖ (അക്കൗണ്ട് നമ്പർ. 520101053864162) എന്നീ ബാങ്കുകളിലാണ് ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് നിക്ഷേപിക്കുന്നത്. 2016-17 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന് ടി അക്കൗണ്ടുകളിൽ നിന്നും പലിശയിനത്തിൽ വരുമാനമൊന്നും ലഭിച്ചിട്ടില്ല. ജില്ലാ സഹകരണ ബാങ്കിലെ 31.3.2017ലെ നീക്കിയിരുപ്പ് 67,92,914/- രൂപയും കോർപ്പറേഷൻ ബാങ്കിലേത് 26,50,255 രൂപയുമാണ്. ഓരോ മാസാന്ത്യവും ഇത്രയധികം തുക അക്കൗണ്ടിൽ ശേഷിക്കുന്നുണ്ടെങ്കിലും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് ലഭിക്കേണ്ട മിനിമം പലിശ പോലും ലഭിക്കുന്നില്ല. തനത് ഫണ്ട് നിക്ഷേപങ്ങൾക്ക് പലിശ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

26.05.2011ലെ സർക്കുലർ നമ്പർ. 58725 എഫ്.എം.3-2008/തസ്വഭവ പ്രകാരം തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാത്കൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒരു അക്കൗണ്ട് മാത്രം മതിയെന്നും ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം തനത് ഫണ്ട് നിക്ഷേപത്തിനായി ഒരു അക്കൌണ്ട് മാത്രം നിലനിർത്തി രണ്ടാമത്തേത് റദ്ദ് ചെയ്യേണ്ടതാണ്.

## 2-6 <u>ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർഫീ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല</u>

ഗ്രാമ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്ന് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസ്, ഇ.എം.ഡി തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു. 2016-17 വർഷം ഇ-ടെണ്ടർ വഴി തുക അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഇ.എം.ഡി | ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ ലഭ്യമായ ടെണ്ടർ ഫീസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം | 50,000/- | 4 | 5650 | 22600 |
| 2 | പി.എച്ച്.സി. ലാബ് നിർമ്മാണം | 25,000/- | 2 | 2250 | 4500 |
| 3 | 1-ാം വാർഡിൽ അങ്കണവാടി നിർമ്മാണം | 15,000/- | 2 | 1350 | 2700 |
| 4 | 11-ാം വാർഡിൽ അങ്കണവാടി നിർമ്മാണം | 15,000/- | 1 | 1350 | 1350 |
| | | | ആകെ ടെണ്ടർ ഫീ | | 31,150/- |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുകകൾ നാളിതുവരെ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ (പി) 3/2015/ഫിൻ തീ.5/1/15 പ്രകാരം 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില അടങ്കൽ തുകയുടെ 0.2% (കുറഞ്ഞത് 500 രൂപ) എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീ വാങ്ങേണ്ടത്. 2015-16 വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഉൾപ്പടെ പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ തിരികെ ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയ തുക വാണിജ്യ നികുതി വകുപ്പിൽ അടവാക്കേണ്ടതും ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതു ടാപ്പുകളുടെ വെള്ളക്കരം-വരുമാന നഷ്ടം കുറയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 283പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 1,23,813/- രൂപ (283 @5250/12) വാട്ടർ അതോറിറ്റിക്ക് നൽകിവരുന്നുണ്ട്.

28.09.2011 ലെ ജി.ഒ (ആർ.ടി) 2242/2011/LSGD ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും ചേർന്ന് 23.05.2012-ൽ സംയുക്ത പരിശോധന നടത്തുകയുണ്ടായി. ടി പരിശോധനയിൽ പ്രവർത്തിക്കുന്ന പൊതു ടാപ്പുകൾ 205 എണ്ണവും പ്രവർത്തനരഹിതമായവ 61 എണ്ണവുമാണെന്ന് കണ്ടെത്തുകയുണ്ടായി. 2012-ലെ സംയുക്ത പരിശോധനയ്ക്ക് ശേഷം പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പഞ്ചായത്ത് തുക അടവാക്കുന്നതിന്റെ ഒരു വിശകലനം താഴെ കൊടുക്കുന്നു.

| വർഷം | നിലവിലുള്ള ടാപ്പുകളുടെ എണ്ണം | തൻ വർഷത്തെ ആകെ ഡിമാൻറ് | തനതു ഫണ്ടിൽ നിന്നും ഒടുക്കിയത് | സർക്കാർ ഗ്രാൻറുകളിൽ നിന്നുംനേരിട്ട് അടവായത് + പ്രോജക്ട് പ്രകാരം അടവ് | തൻവർഷം ആകെ അടവാക്കിയത് |
|---|---|---|---|---|---|
| 2013-14 | 266 | 751039 | 751039 | 0 | 751039 |

| | | | | | |
|---|---|---|---|---|---|
| 2014-15 | 266 | 709514 | 30866 | 678648 | 709514 |
| 2015-16 | 283 | 1411381 | 0 | 1411381 | 1411381 |
| 2016-17 | 283 | 1485756 | 40204 | 1445552 | 1485756 |

സംയുക്ത പരിശോധനയ്ക്ക് ശേഷം 18 പൊതു ടാപ്പുകൾ സ്ഥാപിക്കുവാൻ കമ്മിറ്റി തീരുമാനം നൽകിയിട്ടുണ്ടെന്ന് ഓഡിറ്റന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി. എന്നാൽ വാട്ടർ അതോറിറ്റിയുടെ ഡിമാൻഡ് നോട്ടീസ് പ്രകാരം 17 ടാപ്പുകളാണ് അധികം വന്നിട്ടുള്ളത് (266+17=283). 2012 ന് ശേഷം കേരള വാട്ടർ അതോറിറ്റിയും പഞ്ചായത്തും സംയുക്തമായി പരിശോധന നടത്തിയിട്ടില്ലെന്നും നിലവിൽ പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ ഇല്ലെന്നും 2013-14 മുതൽ 2016-17 വരെ 18 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം സംബന്ധിച്ച മറുപടി വസ്തുതാ വിരുദ്ധമാണെന്ന് 2015-16,2016-17 വർഷങ്ങളിൽ മാത്രം നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. സുലേഖയിൽ നിന്ന് ലഭ്യമായ ഗാർഹിക കുടിവെള്ള കണക്ഷനുകൾ സംബന്ധിച്ച പ്രോജക്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | പ്രോജക്ടിന്റെ പേര്/ നം. | ചെലവ് തുക |
|---|---|---|
| 2015-16 | ജപ്പാൻ കുടിവെള്ള പദ്ധതി ഗാർഹിക കണക്ഷൻ (എസ്.സി.)<br>(പ്രോ നം. 145/16) | 30,000/- |
| | ജപ്പാൻകുടിവെള്ള പദ്ധതി ഗാർഹിക കണക്ഷൻ (എസ്.സി)<br>വാട്ടർ അതോറിറ്റിയിൽ മുൻകൂർ പണം അടക്കുന്നതിന് (പ്രോ നം. 84/16) | 14,13,000/- |
| 2016-17 | ജപ്പാൻ കുടിവെള്ള പദ്ധതി ഗാർഹിക കണക്ഷൻ (എസ്.സി.)<br>(പ്രോ നം. 41/17) | 59,000/- |
| | ഗാർഹിക കണക്ഷൻ (ജനറൽ) (പ്രോ നം. 81/17) | 1,44,000/- |
| | ജപ്പാൻ കുടിവെള്ള പദ്ധതി ഗാർഹിക കണക്ഷൻ (എസ്.റ്റി)<br>(പ്രോ നം. 106/17) | 42,000/- |

പൊതുടാപ്പുകളുള്ള കുടിവെള്ളപദ്ധതികളേക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണം എന്നും, ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ നിർത്തലാക്കേണ്ടതുമാണെന്നും 12ാം പദ്ധതി ആസൂത്രണമാർഗ്ഗരേഖ സ.ഉ.(കൈ) 168/12 തസ്വഭവ തീയതി 15.06.12 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

2015-16, 2016-17-ൽ മാത്രം ഗണ്യമായ എണ്ണം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ട് പോലും പഞ്ചായത്തിന്റെ കുടിവെള്ളക്കരം കൂടുന്നതായാണ് കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്. മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുടിവെള്ളക്കരമിനത്തിലെ ചെലവ് കുറയ്ക്കുവാനുള്ള സത്വര നടപടി സ്വീകരിച്ച് വരുമാന നഷ്ടം തടയാൻ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 തെരുവ് വിളക്കുകളുടെ വാങ്ങലും അറ്റകുറ്റപണിയും - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

2016-17വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി "തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണിയും ഉപകരണങ്ങൾ വാങ്ങലും" എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. : 12/17

അടങ്കൽ : 3 ലക്ഷം (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 2,97,127/- (ബിൽ നം. 07/16-17/27.09.16- 69,022/-)

ബിൽ നം. : 14/16-17/21.10.16- 80,830/-

ബിൽ നം. : 23/16-17/19.01.17- 1,32,250/-

ബിൽ നം. : 27/16-17/15.02.17-15,025/- )

പഞ്ചായത്തിലെ 16 വാർഡുകളിലെ തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾക്ക് വേണ്ടി സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും നേരിട്ട് ഉപകരണങ്ങൾ വാങ്ങി അറ്റകുറ്റപണിയ്ക്ക് ടെണ്ടർ വിളിച്ച് നടപ്പിലാക്കുകയാണ് പദ്ധതി ലക്ഷ്യം.

*പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.*

1. 2003-ലെ /കേരള മൂല്യവർദ്ധിത നികുതി നിയമം വകുപ്പ് 10(2)(i) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുമായിട്ടുള്ള കരാർ പ്രവൃത്തികളിൽ പ്രവൃത്തി മൂല്യത്തിന്റെ 4ശതമാനം മൂല്യവർദ്ധിത നികുതി കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിതനിധിയിൽ അടക്കേണ്ടത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്.എന്നാൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയ്ക്കായി പഞ്ചായത്തുമായി കരാറിലേർപ്പെട്ട കരാറുകാരനിൽ നിന്നും മൂല്യവർദ്ധിത നികുതി കുറവ്ചെയ്ത് സർക്കാരിലേക്ക് അടച്ചിട്ടില്ല.

2. സെക്രട്ടറിയുടെ 21.07.2016-ലെ C1-510/13-ാം നമ്പർ കത്ത് പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ രാജു. സി.കെ. , ചേന്നാട്ട്, പട്ടണക്കാട് എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ടെന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ് അടവാക്കി പഞ്ചായത്തുമായി കരാറിലേർപ്പെടണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അപ്രകാരം സെക്യൂരിറ്റി ഡിപ്പോസിറ്റ് അടച്ചതിന്റെയും കരാറിലേർപ്പെട്ടതിന്റെയും രേഖ ഫയലിൽ ലഭ്യമല്ല. ശൂന്യമായ പ്രിലിമിനറി കരാർ പത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

3. യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡിൽ നിന്നും തെരുവ് വിളക്കുകൾ 69,022/- രൂപയ്ക്കും 80,830/- രൂപയ്ക്കും വാങ്ങിയിട്ടുണ്ട്. തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതും സ്ഥാപിച്ചതുമായ രണ്ട് വർക്ക് ഡയറികളാണ് ഫയലിൽ ഉള്ളത്. ഇതിൽ 502സി.എഫ്.എൽ ന്റേയും 108 ട്യൂബിന്റേയും വർക്ക് ഡയറിയിന്മേൽ വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രണ്ടാമത്തെ വർക്ക് ഡയറി പ്രകാരമുള്ള 69 സി.എഫ്.എൽ ന്റേയും 5ട്യൂബിന്റേയും വർക്ക് ഡയറിയിന്മേൽ ഇപ്രകാരം റിപ്പയർ ചെയ്തതും സ്ഥാപിച്ചതുമായ വിളക്കുകളുടെ/ ഉപകരണങ്ങളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ള സാക്ഷ്യപ്പെടുത്തൽ ഇല്ല.

   സി.എഫ്.എൽ-> 502+ 69 = 571

   ട്യൂബ്- > 108+5= 113

   എന്നാൽ കരാറുകാരന് 600 സി.എഫ്.എൽ ന്റേയും 50 ഡബിൾ (50x2) ട്യൂബിന്റേയും റിപ്പയർ/സ്ഥാപിക്കൽ എന്നിവയ്ക്കായി 1,32,250/- രൂപയും 69 സി.എഫ്.എൽ ന്റേയും 5 ട്യൂബിന്റേയും റിപ്പയർ/സ്ഥാപിക്കൽ എന്നിവയ്ക്കായി 15,025/- രൂപയും നൽകിയിട്ടുണ്ട്. (ആകെ 147275/-) .വർക്ക് ഡയറിയുടെ അടിസ്ഥാനത്തിൽ അർഹമായ തുക 141885/- രൂപയാണ്. (571 CFL 200 + 113 Tube x 245). വർക്ക് ഡയറി പരിശോധനയ്ക്ക് വിധേയമാക്കാതെ കരാറുകാരന്റെ സ്റ്റേറ്റുമെന്റിന്റെ അടിസ്ഥാനത്തിൽ തുക നൽകി.

4. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം നടത്തിയതും കരാറുകാരന്റെ വർക്ക് ഡയറിയുടെ അടിസ്ഥാനത്തിൽ പോസ്റ്റുകളിൽ സ്ഥാപിച്ചത്/ റിപ്പയർ ചെയ്തതുമായ തെരുവ് വിളക്കുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 48 മുതൽ 57 വരെ)

| ഇനം | യുണൈറ്റഡ് ഇലക്ട്രിക്കൽസ് നിന്നും വാങ്ങി സ്റ്റോക്കിലെടുത്തത് (എണ്ണം) | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കരാറുകാരന് നൽകിയത് (എണ്ണം) | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബാലൻസ് ഉള്ളത് (എണ്ണം) | കരാറുകാരന്റെ വർക്ക് ഡയറി പ്രകാരം സ്ഥാപിച്ച/ റിപ്പയർ ചെയ്ത തെരുവ് വിളക്കുകൾ | കരാറുകാരന്റെ സ്റ്റേറ്റുമെന്റ്/ അപേക്ഷ പ്രകാരം കാണിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം |
|---|---|---|---|---|---|
| ട്യൂബ് | 100 | 100 | 0 | 113 | 110 ( 55 x 2 ) |
| സി.എഫ്.എൽ. | 584 | 530 | 54 | 571 | 660 |

ആയതിനാൽ അർഹമായ തുക താഴെ പറയും പ്രകാരം കണക്കാക്കാവുന്നതാണ്.

അർഹത = 27,685/-(113 x @ 245/-) + 1,14,200/-(571 x @ 200/-) = 1,41,885/-

അധികം നൽകിയത് = 147275 - 141885 = 5390/- രൂപ

മൂല്യ വർദ്ധിത നികുതി ഇനത്തിൽ ഒടുക്കേണ്ടിയിരുന്ന തുക = 141885/- x 4% = 5675/- രൂപ

അധികം നൽകിയ തുകയും മൂല്യ വർദ്ധിത നികുതി ഇനത്തിൽ ഒടുക്കേണ്ടിയിരുന്ന തുകയും കരാറുകാരനിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 ഗവ. ഐ.റ്റി.ഐ- സർക്കാർ നിർദ്ദേശം മറികടന്ന് വാടകയിനത്തിൽ തുക നൽകി

പ്രോജക്റ്റ് നം. : 47/17( വയലാർ ഗവ. ഐ.റ്റി.ഐ യ്ക്ക് 2016-17 വർഷത്തെ വാടക നൽകൽ)

അടങ്കൽ : 4,27,572/- (തനത് ഫണ്ട്)

ചെലവ് : 4,27,572/- (ചെക്ക് നം. 1678072/31.03.17)

*പ്രോജക്റ്റ് പരിശോധിച്ചതിൽ കണ്ട ന്യൂനത താഴെ കൊടുക്കുന്നു.*

1. 06.08.2010-ലെ ജി.ഒ(എം.എസ്)നം.91/2010/എൽ.ബി.ആർ നമ്പർ പ്രകാരം വയലാർ ഗ്രാമ പഞ്ചായത്തിനുൾപ്പെടെ 15 ഗവൺമെന്റ് ഐ.റ്റി.ഐ കൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഐ.റ്റി.ഐ-ക്ക് ആവശ്യമായ സ്ഥലവും കെട്ടിടവും ഫർണീച്ചർ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വന്തം ചെലവിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കിയതിനു ശേഷം മാത്രമേ പ്രവർത്തനം ആരംഭിക്കാവൂ എന്ന് ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയതിനാൽ കളവംകോടം സർവ്വീസ് സഹകരണ ബാങ്ക് വക കെട്ടിടത്തിൽ 01.10.2010 മുതൽ 35631/- രൂപ പ്രതിമാസ വാടക നൽകിയാണ് ഗവ. ഐ.റ്റി.ഐ. പ്രവർത്തിക്കുന്നത്. സർവ്വീസ് സഹകരണ ബാങ്കുമായി 3 വർഷത്തെ കരാറിലേർപ്പെട്ടിന് ശേഷം 26.06.2015 തീയതിയിൽ പ്രസ്തുത കരാർ 31.03.2015 വരെ പുതുക്കിയതായും കാണുന്നു. 05.09.2012-ലെ 44353/എഫ്.എം2/ 2012/ത.സ്വ.ഭ.വ നമ്പർ കത്തിൽ "ഐ.റ്റി.ഐ ഗ്രാമപഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനമല്ലെന്നും ആയതിനാൽ വാടക നല്കുന്നത് അനുവദനീയമല്ലെന്നും എന്നാൽ ഗ്രാമപഞ്ചായത്ത് വ്യാവസായിക പരിശീലന വകുപ്പുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന കാരണത്താൽ 31.03.2013 വരെയുള്ള വാടക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നല്കാൻ പ്രത്യേക അനുവാദം നല്കുന്നു. പ്രസ്തുത കാലയളവിനുള്ളിൽ വ്യവസായ പരിശീലന വകുപ്പ് കെട്ടിടം പണിതിരിക്കണം അല്ലെങ്കിൽ തുടർന്ന്

പ്രസ്തുത വാടക വ്യാവസായിക പരിശീലന വകുപ്പ് നല്കേണ്ടതാണ്." എന്ന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ ഗവ. ഐ.റ്റി.ഐ. വാടക കെട്ടിടത്തിൽ തന്നെ പ്രവർത്തിച്ചു പോരുകയും ആയതിന്റെ വാടക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. തനതു ഫണ്ടിൽ നിന്നും തുക നൽകുന്നത് സംബന്ധിച്ച് 13.04.2015-ലെ 153572/എഫ്.എം.2/2015/ത.സ്വ.ഭ.വ കത്ത് പ്രകാരം 2015- മാർച്ച് 31 വരെ അനുമതി നൽകിയതായി കാണുന്നു. ടി കത്തിൽ ഐ.ടി.ഐ. സ്വന്തമായി കെട്ടിടം നിർമ്മിക്കണമെന്ന മുൻ നിർദ്ദേശം പാലിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി സർക്കാർ അനുമതി ഇല്ലാതെ 2015-16, 2016-17 വർഷങ്ങളിൽ വാടകയിനത്തിൽ തുക നൽകിയിട്ടുണ്ട്. മുൻ റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടും വാടക സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്നതിന് പഞ്ചായത്ത് നടപടിയെടുത്തിട്ടില്ല.

കൂടാതെ സ.ഉ(ആർ.ടി) 2758/2017/തസ്വഭവ Dated 08/08/2017 പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നം. 170/5-ൽ പെട്ട 50സെന്റ് സ്ഥലം( 2016-17-ൽ പ്രോജക്ട് മുഖേന സ്വകാര്യ വ്യക്തിയിൽ നിന്നും വാങ്ങിയത്) സർക്കാർ ഐ.റ്റി.ഐ യ്ക്കായി വ്യാവസായിക വകുപ്പിന് വിട്ടു കൊടുക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം വ്യാവസായിക വകുപ്പിന് കൈമാറാനുള്ള നടപടി ഏതു ഘട്ടത്തിൽ വരെയായി എന്നതിന് മറുപടി ലഭ്യമായില്ല.

അപാകതകൾ ചൂണ്ടിക്കാട്ടി 30.08.2017-ൽ നൽകിയ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് സെക്രട്ടറി നൽകിയ മറുപടിയിൽ കെട്ടിടം പണിയുന്നതിന് സ്ഥലം കണ്ടെത്തി നൽകുന്നത് വരെ വാടക പഞ്ചായത്ത് നല്കി കൊള്ളാമെന്ന വ്യവസ്ഥയിലാണ് ഗവ. ഐ. റ്റി.ഐ. പ്രവർത്തിച്ചു പോരുന്നതെന്നും കെട്ടിടത്തിന്റെ വാടക കാലാകാലങ്ങളിൽ സർക്കാരിന്റെ അനുമതിയോടു കൂടി പഞ്ചായത്ത് അടവാക്കി പോരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ കോർഡിനേഷൻ കമ്മിറ്റിയ്ക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നൽകുകയും ആയത് ബന്ധപ്പെട്ട അധികാരികളെ അറിയിച്ചതിൽ പ്രോജക്ടിന് അംഗീകാരം കിട്ടിയിട്ടുള്ളതിനാലും തനത് ഫണ്ട് ആകയാലും വാടക നൽകുന്നതിന് കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം ആവശ്യമില്ലായെന്ന് അറിയിച്ചിരുന്നുവെന്നും വ്യക്തമാക്കുകയുണ്ടായി. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിന് പ്രോജക്ട് തയാറാക്കി സ്ഥലം വാങ്ങിയിട്ടുണ്ടെന്നും ഉത്തമ വിശ്വാസത്തോടു കൂടി ഗ്രാമ പഞ്ചായത്തിന്റെ നന്മയെ കരുതി പ്രവർത്തിച്ചുവെന്നും മറുപടിയിൽ വ്യക്തമാക്കി.

ഗവ. ഐ.റ്റി. ഐ. പഞ്ചായത്ത് പ്രദേശത്ത് തന്നെ നിലനിർത്തുന്നതിന് വേണ്ടി ഗ്രാമ പഞ്ചായത്ത് നടത്തിയ ശ്രമങ്ങൾ ശ്ലാഘിക്കപ്പെടേണ്ടതാണെങ്കിലും സർക്കാർ നിർദ്ദേശം പാലിച്ച് വാടക നൽകുവാൻ ശ്രദ്ധിക്കേണ്ടതായിരുന്നു. ആയതിനാൽ സർക്കാർ അനുമതി ഇല്ലാതെ പ്രസ്തുത വർഷങ്ങളിൽ തനതു ഫണ്ടിൽ നിന്നും വാടകയിനത്തിൽ ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ഗവ. ഐ.റ്റി.ഐ. യ്ക്കു വേണ്ടി പഞ്ചായത്ത് വാങ്ങിയ സ്ഥലം വ്യാവസായിക വകുപ്പിന് വിട്ടു നൽകി വാടകയിനത്തിലെ ബാധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-4 ഡെപ്പോസിറ്റ് പ്രവൃത്തികൾ- കരാർ/ പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷം പ്രോജക്ട് മുഖാന്തിരം കുടിവെള്ള കണക്ഷൻ, ഇലക്ട്രിസിറ്റി ലൈൻ നീട്ടൽ എന്നീ പ്രവൃത്തികൾക്കായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

(A) കുടിവെള്ള കണക്ഷൻ

I) പ്രോജക്ട് നം. 202/17("വിവിധ അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ )

അടങ്കൽ: 3,11,500/-(വി.ഫ. ധ.ക.ഗ്രാന്റ്)

ചെലവ്: 3,11,500/- (ബിൽ നം. 40/16-17/ 31.03.17)

നിർവ്വഹണം: സെക്രട്ടറി

II) പ്രോജക്ട് നം. 210/17("ജപ്പാൻ കുടിവെള്ള കണക്ഷൻ (എസ്.സി.)-വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന്)

അടങ്കൽ: 5,00,000/-(വി.ഫ. SCP)

ചെലവ്: 5,00,000/- (ബിൽ നം. 24/16-17/ 30.03.17)

നിർവ്വഹണം: അസി. സെക്രട്ടറി

III) പ്രോജക്ട് നം. 209/17("ജപ്പാൻ കുടിവെള്ള കണക്ഷൻ (എസ്.റ്റി.)-സി.ഡി.എസ് അംഗീകൃത ഏജൻസി വഴി ചെയ്യുന്നതിന് )

അടങ്കൽ: 58,900/-(വി.ഫ. TSP)

ചെലവ്: 58,900/- (ബിൽ നം. 25/16-17/ 30.03.17)

നിർവ്വഹണം: അസി. സെക്രട്ടറി

മേൽ പ്രോജക്ടുകൾ I & II പ്രകാരം ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് യഥാക്രമം 3,11,500/- രൂപ 5,00,000/- രൂപ എന്നിങ്ങനെ മുകളിൽ കാണിച്ചിരിക്കുന്ന ട്രഷറി ബില്ലുകൾ പ്രകാരം നൽകിയിട്ടുണ്ട്.ജല അതോറിറ്റി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരമാണ് തുക നൽകിയത്.എന്നാൽ ജല അതോറിറ്റിയുമായി ഗ്രാമ പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല. സ.ഉ (എം.എസ്) 4/2016 തസ്വഭവ തീ. 11/01/2016 പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ ഭാഗം 1 ഖണ്ഡിക 6-15 (x) സി. പ്രകാരം പ്രോജക്ടിന് അംഗീകാരം ലഭിച്ച് കഴിഞ്ഞാൽ ജല അതോറിറ്റിയുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാൻ പാടുള്ളൂ. തുക വിനിയോഗിച്ചതു സംബന്ധിച്ച രേഖകൾ, പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല. ക്രമ നം. (III ) പ്രകാരം ജപ്പാൻ കുടിവെള്ള കണക്ഷൻ (എസ്.റ്റി.) എന്ന പ്രോജക്ട് സി.ഡി.എസ്. അംഗീകൃത ഏജൻസി വഴി ചെയ്യുന്നതിന് തീരുമാനമായത് പ്രകാരം കെ.ഡബ്ല്യൂ.എ. യുടെ എസ്റ്റിമേറ്റ് പ്രകാരം ഉള്ള തുക വയലാർ സി.ഡി.എസ്. അക്കൌണ്ടിലേയ്ക്ക് ഓൺലൈൻ ട്രാൻസ്ഫറായി നൽകിയിട്ടുണ്ട്. എന്നാൽ സി.ഡി.എസ്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് കരാറിലേർപ്പെട്ടതായി കാണുന്നില്ല. കൂടാതെ ധന വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് എന്നിവയും ലഭ്യമല്ല.

(B) ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ

| ക്രമ നം. | പ്രോജക്ട് വിശദാംശം | | റിമാർക്സ് |
|---|---|---|---|
| 1 | പ്രോ നം. 204/17 (വാർഡ് 10-ൽ തെരുവ് വിളക്കുകളുടെ ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ)<br>നിർവ്വഹണം: സെക്രട്ടറി | അടങ്കൽ: 486077/-<br>ചെലവ്: 486077/-<br>ബിൽ നം. 41/16-17/ 31.03.17- 153305/-<br>42/16-17/31.03.17- 332772/- | തുകയുടെ കൈപ്പറ്റ്, കെ.എസ്.ഇ.ബി. യുമായിട്ടുള്ള കരാർ, ധന വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് എന്നിവ ലഭ്യമല്ല. |

| | | | |
|---|---|---|---|
| 2 | പ്രോ നം. 201/17 ( വിവിധ വാർഡുകളിൽ ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ)<br>നിർവ്വഹണം: സെക്രട്ടറി | അടങ്കൽ: 551744/-<br>ചെലവ്: 511748/-<br>ബിൽ നം.<br>43/16-17/31.03.17 | |
| 3 | പ്രോ നം. 206/17 (വിവിധ വാർഡുകളിൽ ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ)<br>നിർവ്വഹണം: അസിസ്റ്റന്റ് സെക്രട്ടറി | അടങ്കൽ:5,30,000/-<br>ചെലവ്: 4,84,260/-<br>ബിൽ നം.<br>33/16-17/31.03.17 | |

അപാകതകളിന്മേൽ രേഖകളും വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അസി. സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ രേഖകൾ ഹാജരാക്കുന്നതാണ് എന്നറിയിക്കുകയുണ്ടായി. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ മുഖേന 13,09,325/- രൂപയും അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ മുഖേന 10,43,160/- രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 എ.ബി.സി. പ്രോഗ്രാം, സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ- വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല

2016-17 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകൾ പരിശോധിച്ചതിൽ വിനിയോഗ രേഖകൾ നാളിതുവരെയായും ലഭ്യമാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു

I) പ്രോജക്ട് നം. : 19/16 (ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം)

അടങ്കൽ : 2,00,000/- (വികസന ഫണ്ട് – ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്: 2,00,000/- (ബിൽ നം. - 11/16-17 തീ:17.10.16)

ആനിമൽ ബെർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പാക്കുന്നതിനായി ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടു കൂടി മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ബഹു വർഷ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതമായി വികസനഫണ്ടിൽ നിന്നും 2ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറി പേർക്ക് ഡി.ഡി. ആയി നൽകാനായി പിൻവലിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറി തുക കൈപ്പറ്റിയതിന്റെ രസീത്, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. കൂടാതെ പഞ്ചായത്ത് പ്രദേശത്തുള്ള എത്ര നായ്ക്കളിൽ വന്ധീകരണം നടത്തി എന്നത് സംബന്ധിച്ച വിശദാംശങ്ങളും എ.ബി.സി. പ്രോഗ്രാം പൂർത്തിയാക്കിയത് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമായിട്ടില്ല.

II) പ്രോജക്ട് നം.: 44/17 (സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം അടയ്ക്കൽ)

അടങ്കൽ : 2,00,000/- രൂപ (വികസന ഫണ്ട്)

ചെലവ് : 2,00,000/- രൂപ (ബിൽ നം. 08/16-17, തീ. 17.10.2016)

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പിന്റെ 06.05.2013-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം. 1209/2013/ ത.സ്വ.ഭ.വ പ്രകാരം കേരള സാമൂഹ്യ സുരക്ഷ മിഷൻ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിലേക്കായി ഗ്രാമപഞ്ചായത്തുകൾ അഞ്ച് ലക്ഷം രൂപ എല്ലാ വർഷവും സംഭാവനയായി നല്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവായിട്ടുണ്ട്. തൻവർഷം ഡി.ഡി.നം. 256462/18.10.2016 പ്രകാരം രണ്ട് ലക്ഷം രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ കേരള സാമൂഹ്യ സുരക്ഷ മിഷൻ പേർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കേരള സാമൂഹ്യ സുരക്ഷ മിഷൻ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല.

രേഖകളും വിശദീകരണവും ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 10/31.08.17) മറുപടി ലഭിച്ചിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവ് തുകയായ 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 മൃഗാശുപത്രി കെട്ടിടത്തിന്റെ വാടക - രേഖകൾ ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു

1.8.2016 മുതൽ പുതിയ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ പ്രതിമാസ വാടകയായി നിശ്ചയിച്ചിരിക്കുന്നത് 4599/- രൂപയാണ്. 8/2016 മുതൽ 10/2016 വരെയുള്ള വാടകയായ 13797/- രൂപ ചെക്ക് നം. 003980/ 3.12.3016 പ്രകാരവും 11/2016 മുതൽ 02/2017 വരെയുള്ള വാടകയായ 18396/- രൂപ ചെക്ക് നം. 025106/ 27.3.2017 പ്രകാരവും തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്നും ടി കെട്ടിടത്തിന്റെ വാടക നിശ്ചയിച്ചുകൊണ്ടുള്ള സാക്ഷ്യപത്രവും വാടക സംബന്ധിച്ച് കെട്ടിട ഉടമയുമായി ഏർപ്പെട്ട വാടക കരാറും പരിശോധനയ്ക്കായി ഹാജരാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ വാടക നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും പിൻവലിച്ച 32,193/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 വാർഡുതല ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും 80,000 രൂപയും ശുചിത്വ മിഷൻ ഗ്രാന്റിൽ നിന്നും 1,60,000 രൂപയും ഹരിത കേരളം പദ്ധതി പ്രകാരം 80,000 രൂപയും ഉൾപ്പെടെ ആകെ

3,20,000 രൂപ 16 വാർഡുകൾക്കായി വാർഡുതല കൺവീനർമാർക്ക് നൽകിയിട്ടുണ്ട്. ഇപ്രകാരം വാർഡൊന്നിന് 20,000 രൂപ വീതം പഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ടെങ്കിലും ടി തുകയുടെ ചെലവ് രേഖകളും ധനവിനിയോഗ സാക്ഷ്യപത്രവും ബന്ധപ്പെട്ട സാനിട്ടേഷൻ സമിതി കൺവീനർമാരിൽ നിന്നും വാങ്ങി സൂക്ഷിക്കുകയോ ഓഡിറ്റിനായി ഹാജരാക്കുകയോ ചെയ്തില്ല. മുൻവർഷത്തെ ധനവിനിയോഗ രേഖകൾ വാങ്ങാതെയാണ് തൻവർഷവും തുക നൽകിയിരിക്കുന്നത്.ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയില്ല. രേഖകളുടെ അഭാവത്തിൽ 3,20,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

<u>വൗച്ചർ നം. / തീയതി</u> <u>തുക</u>

21600158 – 21600173/ 21.5.2016 – 80,000

21600196 – 21600211 / 2.6.2016 – 1,60,000

21600735 – 21600750 / 7.12.2016 – 80,000

## 3-8 പി.എച്ച്.സി. ലാബ് കെട്ടിടം വൈദ്യുതീകരണം- ബില്ലിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കുറവ് ചെയ്തില്ല

2016-17 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പി..എച്ച്.സി. ലാബ് കെട്ടിടം വൈദ്യുതീകരണം എന്ന പ്രോജക്ട് നടപ്പിലാക്കിയതിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയ്ക്കായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ കെ.. ഐ. അജിത് പ്രസാദ്, കൊല്ലം പറമ്പിൽ എന്നയാൾക്ക് ടെണ്ടർ വ്യതിയാനം, നികുതികൾ, സൂപ്പർ വിഷൻ ചാർജ് എന്നിവ കുറച്ചതിന് ശേഷം 69398/- രൂപ ടിയാന്റെ അക്കൌണ്ടിലേയ്ക്ക് ഓൺലൈൻ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. : 100/17

അടങ്കൽ : 1,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് : 76,876/- (ബിൽ നം. 46/16-17 തീ: 31.03.17)

പ്രവൃത്തി മൂല്യം : 83870/-

ടെണ്ടർ വ്യതിയാനം - (12.9%) : 10819/-

VAT- 4% : 2922.03

IT 1% : 730.50

Supervision Charge + Check Measure Charge–> 2869.00 + 956.00

M Book No : 02/16-17

എസ്റ്റിമേറ്റ് തുക : 95638.20

എന്നാൽ ബില്ലിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം (1%) 731/- രൂപ കുറവ് ചെയ്തിട്ടില്ല. അപാകതയിന്മേൽ മറുപടി ലഭ്യമാക്കിയിട്ടില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിലെ തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കേണ്ടതാണ്.

## 3-9 പ്രിന്റിംഗ് ചെലവുകൾ -പ്രോജക്ടിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ "പദ്ധതി ആസൂത്രണം, മോണിറ്ററിംഗ് " എന്ന പ്രോജക്റ്റിൽ താഴെ പറയുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു.

1. പഞ്ചായത്തിന്റെ 2016-17ലെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ടുള്ള വിവിധ പ്രിന്റിംഗ് ജോലികൾ നിർവ്വഹിച്ച വകയിൽ 1,00,000/- രൂപ ഐശ്വര്യ പ്രിന്റേഴ്സ് , വയലാർ എന്ന സ്ഥാപനത്തിന് ( 25.01.2017-ലെ 329-ാം നമ്പർ ബിൽ പ്രകാരം ആവശ്യപ്പെട്ടത്) നൽകിയിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്ത പ്രസ്തുത സ്ഥാപനവുമായി കരാർ പ്രവൃത്തി എന്ന രീതിയിലാണ് പ്രിന്റിംഗ് നടത്തിയിട്ടുള്ളത്.( 2003-ലെ കേരള മൂല്യ വർദ്ധിത നിയമം സെക്ഷൻ 10(2)(i)പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായിട്ടുള്ള കരാർ പ്രവൃത്തികളിൽ നിന്നും നാല് ശതമാനം മൂല്യ വർദ്ധിത നികുതി ഈടാക്കിയതിനു ശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് എന്ന് വ്യവസ്ഥ ചെയ്തിരിക്കേ നികുതി ഈടാക്കാതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകി.
2. ക്വട്ടേഷനിൽ റേറ്റ് രേഖപ്പെടുത്താതെ "Extra for Binding Charges" എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ക്രമ പ്രകാരമല്ല.
3. സ്ഥാപനവുമായി വ്യവസ്ഥകൾ രേഖപ്പെടുത്താതെ ശൂന്യമായ കരാർ പത്രമാണ് സൂക്ഷിച്ചിരിക്കുന്നത്.

പ്രോജക്റ്റ് വിശദാംശം

പ്രോ. നം. : 42/17 (പദ്ധതി, ആസൂത്രണം, മോണിറ്ററിംഗ്)

അടങ്കൽ : 2 ലക്ഷം(വി.ഫ)

ചെലവ് : 1,00,000/-, ( ബിൽ നം. 29/16-17 തീ: 15.02.17)

പ്രിന്റിംഗ് ചെലവ് : 1 ലക്ഷം രൂപ

കരാറുകാരൻ : വി.റ്റി. പ്രദീപ്, പ്രൊപ്രൈറ്റർ, ഐശ്വര്യ പ്രിന്റേഴ്സ്, വയലാർ

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16/31.08.17) മറുപടി ലഭ്യമാക്കിയിട്ടില്ല. മൂല്യ വർദ്ധിത നികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുകയായ 4,000/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-10 അർഹതാ രേഖകൾ ഉറപ്പ് വരുത്താതെ ആനുകൂല്യം നൽകി

2016-17 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ജപ്പാൻ കുടിവെള്ള പ്രോജക്റ്റിൽ അർഹതാ രേഖകൾ ഉറപ്പ് വരുത്താതെ ആനുകൂല്യം നൽകിയതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്റ്റ് നം.: 41/17 (ജപ്പാൻ കുടിവെള്ള പദ്ധതി )

അടങ്കൽ : 67,500/- (വികസന ഫണ്ട്)

ചെലവ് : 59,000/- (ബിൽ നം. - 21/16-17, തീ: 30.03.17, 18,000/-)

ബിൽ നം. - 26/16-17, തീ: 30.03.17, 5,000/-;

ബിൽ നം. - 27/16-17, തീ: 31.03.17, 18,000/-;

ബിൽ നം. -29/16-17, തീ: 31.03.17, 18,000/-; )

9 ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ സബ്സിഡിയായി 6000/- രൂപ വീതവും ഒരാൾക്ക് 5000/- രൂപയും അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | സബ്സിഡി തുക | റിമാർക്സ് |
|---|---|---|---|
| 1 | ശശി കോരപ്പുഴ, വാർഡ് -II | 6000/- | ജാതി തെളിയിക്കുന്ന രേഖ, പട്ടികജാതി വകുപ്പിൽ നിന്നും ഇതേ ഇനത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ല |
| 2 | ഉദയപ്പൻ, കുട്ടോത്ത് വെളി | 6000/- | |
| 3 | പ്രഭാകരൻ, പള്ളിപ്പാട്ട് | 6000/- | |

| | | | |
|---|---|---|---|
| 4 | കെ. പുരുഷൻ, ഇടമനശ്ശേരി | 5000/- | എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. |
| | ആകെ | 23,000/- | |

എസ്. സി. വിഭാഗം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും മാർച്ചിൽ സെക്രട്ടറിയുടെ അധിക ചുമതല കൂടി വഹിച്ചിരുന്നതിലാണ് ഇപ്രകാരം അപാകത സംഭവിച്ചതെന്നും ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകുകയുണ്ടായി.എന്നാൽ അർഹതാ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ടി ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 23,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു

## 3-11 കുടിവെള്ള ടാങ്ക് വിതരണം -പ്രോജക്ട് ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചില്ല

2016-17-ൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടാണ് "കുടിവെള്ള ടാങ്ക് -എസ്. സി.". വിശദ വിവരം താഴെ കൊടുക്കുന്നു

പ്രോജക്ട് നം. : 118/17

അടങ്കൽ : 3 ലക്ഷം/- (വികസന ഫണ്ട് (എസ്.സി.പി) -225000/-; മറ്റുള്ളവ-75,000/-)

ചെലവ് : 1,28700/- (i) ബിൽ നം. - 19/16/17, തീ: 30.03.17, 125400/-;

(ii) ബിൽ നം. - 30/16-17/31.03.17, 3300/-)

പട്ടികജാതി വിഭാഗക്കാർക്കായി കുടിവെള്ള ടാങ്ക് വിതരണം നടത്തുന്നതിനായിട്ടാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. ഇതിനായി ടെണ്ടർ ക്ഷണിച്ചതിൽ റെയ്ഡ്കോ, കേരള എന്ന സ്ഥാപനത്തിന്റെ Sintex Reno 300 Lr @ 1470/-; Sintex Reno Tuff 300 Lr @ 1290/- എന്നീ രണ്ടു വ്യത്യസ്ത സ്പെസിഫിക്കേഷനുകൾ ലഭിച്ചതിൽ കൂടിയ നിരക്കായ Sintex Reno 300 Lr എന്ന സ്പെസിഫിക്കേഷനോടു കൂടിയ കുടിവെള്ള ടാങ്ക് വാങ്ങുവാൻ തീരുമാനിച്ച് സപ്ലൈ ഓർഡർ നൽകിയത് പ്രകാരം 117 ടാങ്കുകളുടെ വിലയായി 1,71,990/- രൂപ റെയ്ഡ്കോ (ബിൽ നം. 4189/27.03.17,4228/29.03.17) ആവശ്യപ്പെട്ടതിൽ പ്ലാൻ ഫണ്ടിൽ നിന്നും 1,28,700/- രൂപ സ്ഥാപനത്തിന് നൽകുകയുണ്ടായി.

വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ ആരും കുടിവെള്ള ടാങ്ക് കൈപ്പറ്റിയതായി കാണുന്നില്ല. ആയതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും കുടിവെള്ള ടാങ്കിനായി ചെലവഴിച്ച തുക സ്ഥാപനം (രസീത് നം. 117030500018/17.08.2017- 128700/-) തിരിച്ചടച്ചതായി കാണുന്നു.

ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കുകയുണ്ടായി.

ഗ്രാമസഭകളിൽ 300 ലിറ്ററിന്റെ ടാങ്കാണ് വിതരണം ചെയ്യുന്നതെന്നും ഗുണഭോക്തൃ വിഹിതമിനത്തിൽ ഒടുക്കേണ്ട തുകയും വിശദമാക്കിയതാണ്. തൊട്ടടുത്ത പഞ്ചായത്തുകളിൽ 500 ലിറ്ററിന്റെ കുടിവെള്ള ടാങ്കുകളാണ് വിതരണം ചെയ്യുന്നത് എന്നറിഞ്ഞതിനാലാണ് ഗുണഭോക്താക്കൾ കുടിവെള്ള ടാങ്ക് കൈപ്പറ്റാതിരുന്നത്. 2017-18 സാമ്പത്തിക വർഷം 500 ലിറ്ററിന്റെ ടാങ്ക് വിതരണം ചെയ്യുന്നതിനായി പ്രോജക്ട് തയാറാക്കിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത തുക ടി ആവശ്യത്തിലേയ്ക്ക് ഉപയോഗിക്കുന്നതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ 16.02.2017-ലെ 5-ാം നമ്പർ തീരുമാനം പ്രകാരമാണ് 300 ലിറ്റർ ടാങ്ക് വാങ്ങാനുള്ള ടെണ്ടർ അംഗീകരിച്ചത്.

എന്നാൽ കുടിവെള്ള ടാങ്ക് വാങ്ങലിനായി പർച്ചേസ് കമ്മിറ്റി രൂപീകരിച്ചതു സംബന്ധിച്ചും ടി പർച്ചേസ് കമ്മിറ്റി ടാങ്കുകളുടെ ഗുണ നിലവാരം ഉറപ്പ് വരുത്തിയത് സംബന്ധിച്ചതുമായ രേഖകൾ ലഭ്യമല്ല.ശരിയായ ആസൂത്രണവും ആവശ്യകതാ നിർണ്ണയവും നടത്താതെ പ്രോജക്ട് വിഭാവനം ചെയ്തതു മൂലം പ്രസ്തുത പ്രോജക്ട്

ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാതെ മനുഷ്യാധ്വാനവും സമയവും നഷ്ടപ്പെടുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. 2016-17-ലെ പ്രോജക്ട് ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാതിരുന്ന സാഹചര്യത്തിൽ വിശദമായ പ്രോജക്ട് 2017-18 -ൽ തയാറാക്കി നടപ്പാക്കേണ്ടതാണ്. 2017-18 ലും പ്രോജക്ട് നടപ്പാക്കിയില്ലെങ്കിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ ഗുണഭോക്താക്കളിൽ നിന്നും കളക്ട് ചെയ്ത തുകയായ 43290/-രൂപ (117 x 370) ടിയാളുകൾക്ക് തിരികെ നൽകേണ്ടതാണ്. റെയ്ഡ്കോ തിരിച്ചടച്ച തുക തനതുഫണ്ടിൽ വരവ് വെച്ചത് Recoveries Of Over Payments-911 എന്ന ഹെഡ് ഓഫ് അക്കൗണ്ട് മുഖേന പ്ലാൻ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടച്ച് ഒടുക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 ആശുപത്രി ഉപകരണങ്ങൾ/ മരുന്ന്- ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സപെടുത്തുന്നു

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകളിലായി വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും സാധനങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. ഇവ ലഭ്യമാകാത്ത സാഹചര്യത്തിൽ ഇതിന് വേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോ. നം | പ്രോജക്ടിന്റെ പേര് | ഇനം | തുക | ട്രഷറി ബിൽനം/ തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 182 | ഗൃഹകേന്ദ്രീകൃത പരിചരണം | ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് | 41840/- (ബിൽ അറ്റതുക - 70190) | 11/16-17 തീയതി - 30.03.17 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ |
| 2 | 186 | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ | മരുന്ന് വാങ്ങൽ | 175735- (ബിൽ അറ്റതുക – 186007) | 3/16-17 തീയതി. 27.2.17 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ |
| | | ആകെ | | 2,17,575/- | | |

## 3-13 തുക ഒടുക്കിയിട്ടും മരുന്ന് ലഭിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകളിലായി മരുന്ന് വാങ്ങൽ നടത്തിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. ഇവ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ ഇതിന് വേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തടസ്സപ്പെടുത്തുന്ന തുക | ട്രഷറി ബിൽ നം./ തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 68 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 31708/- (ആകെ ചെലവഴിച്ച 150000/- രൂപയിൽ 118292/- രൂപയുടെ ലഭിച്ചിട്ടുണ്ട്) | 1/.16-17 തീയതി 13.12.16 | ഹോംകോ |
| 2 | 70 | NRHM ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 31340/- (ആകെ ചെലവഴിച്ച 150000/- | 2/16-17 തീയതി. 13.12.16 | ഹോംകോ |

| | | | | | |
|---|---|---|---|---|---|
| | | | രൂപയിൽ 118660/- രൂപയുടെ ലഭിച്ചിട്ടുണ്ട്) | | |
| 3 | 80 | NRHMആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 58623/- (ആകെ ചെലവഴിച്ച 500000/- രൂപയിൽ 441377/- രൂപയുടെ ലഭിച്ചിട്ടുണ്ട്) | 4/16-17 തീയതി. 12.01.2017 | ഔഷധി |
| | | ആകെ | 1,21,671/- | | |

## 3-14 പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള കരാറുകളിൽ പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നില്ല.

2012-ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ ജി.ഒ.പി.13/2012 പി.ഡബ്ള്യുഡി/1-2-2012 സെക്ഷൻ 2112 പ്രകാരം പൂർത്തീകരണത്തിനുള്ള സമയദൈർഘ്യം ഒറ്റത്തവണ യഥാർത്ഥ പൂർത്തീകരണ കാലാവധിയുടെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ കവിയാൻ പാടില്ലായെന്നും പരമാവധി പൂർത്തീകരണ കാലാവധി യഥാർഥ പൂർത്തീകരണ കാലാവധിയുടെ 50% ത്തിൽ കവിയാൻ പാടില്ലായെന്നും, പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവുമൂലം ദീർഘിപ്പിക്കേണ്ട സന്ദർഭത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം എന്നും വ്യവസ്ഥ ചെയ്യുന്നു. ഇതിനായി യഥാർത്ഥ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കലിനായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കരാറുകാരൻ അപേക്ഷ നൽകേണ്ടതും അപ്രകാരം അപേക്ഷ നൽകാത്തപക്ഷം കരാർ ദുർബ്ബലപ്പെടുത്തേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന ദീർഘീകരണത്തിന് അപേക്ഷ നൽകുന്ന കേസുകളിൽ പിഴ ആദ്യതവണ പി.എ.സി.യുടെ 1% പരമാവധി 50000/- രൂപയും ആദ്യതവണക്കുശേഷം 2% പരമാവധി 100000/- രൂപ എന്നക്രമത്തിലും ഈടാക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ, കാലവിളംബത്തിന് ഫൈൻ ഒടുക്കി സമയം ദീർഘിപ്പിച്ച് വാങ്ങുകയോ ചെയ്യാത്ത സംഗതികളിൽ കാലവിളംബം ഉണ്ടാകുന്ന ഓരോ ആഴ്ചയ്ക്കും പി.എ.സി. യുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കണം. [സെക്ഷൻ 2116 (1)] എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള മിക്ക പ്രവൃത്തികളിലും പിഴ സംബന്ധിച്ച് 2012 നുമ്പ് നിലനിന്നിരുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതു മൂലം പൂർത്തീകരണ കാലാവധിയ്ക്കു ശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന സംഗതികളിൽ നിയമാനുസൃതം കരാറുകാരനിൽ നിന്നും പിഴ ഈടാക്കാൻ സാധിക്കാതെ വരുന്ന സ്ഥിതി വിശേഷം സംജാതമാകുമെന്നതിനാൽ പുതുക്കിയ പൊതു മരാമത്ത് മാന്വലിലെ വ്യവസ്ഥകൾ കരാർ ഉടമ്പടിയിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ബിറ്റുമിന്റെ മാർക്കറ്റ് റേറ്റ് വില വ്യത്യാസം കുറവ് ചെയ്യാതിരുന്നത് മൂലം അധികച്ചെലവ്

പൂത്തറ റോഡ് ടാറിംഗ് (പ്രോ. നം. 96/16) എന്ന പ്രോജക്ട് 2016-17 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുണ്ട്. SOR പ്രകാരമുള്ള എസ്റ്റിമേറ്റ് അനുസരിച്ച് നടപ്പിലാക്കിയ പ്രോജക്ടിലെ ടാറിംഗ് പ്രവൃത്തിയിൽ ടാറിന്റെ (Bitumen VG – 10) വില കി.ഗ്രാമിന് 44.058/- രൂപ നിരക്കിലാണ് നിശ്ചയിച്ചത്.

എന്നാൽ പ്രസ്തുത വർഷം പ്രവൃത്തി നിർവ്വഹിച്ച ഗുണഭോക്തൃ സമിതിയ്ക്ക് ഇതിലും വളരെ കുറഞ്ഞ നിരക്കിലാണ് ടാർ ലഭിച്ചിട്ടുള്ളത്. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തപ്പെടുന്ന വേലകളിൽ യഥാർത്ഥ ചെലവു തുകയിൽ അധികരിക്കുന്ന ബിൽ തുക നല്കേണ്ടതില്ല. ഗുണഭോക്തൃ സമിതികൾ സമർപ്പിക്കുന്ന കണക്കുകളിൽ ടാറിന്റെ വിലയ്ക്ക് മാത്രമാണ് ആധികാരിക രേഖയുള്ളത്. യഥാർത്ഥ ബില്ല പ്രകാരമുള്ള ടാർ വിലയിൽ അധികമായ തുക ഈയിനത്തിൽ ഗുണഭോക്തൃ സമിതിക്ക് നൽകേണ്ടതില്ല.

SOR പ്രകാരമുള്ള ടാർ വിലയും മാർക്കറ്റ് വിലയും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നതിനാൽ ടാറിന്റെ യഥാർത്ഥ വിലയിൽ അധികരിച്ച് വർക്ക് ബില്ലുകളിൽ ടാർ വിലയിനത്തിൽ കണക്കാക്കിയ തുക കുറവു ചെയ്തു മാത്രമേ

ഫൈനൽ ബിൽ നല്കാമായിരുന്നുള്ളൂ. എന്നാൽ ഗ്രാമ പഞ്ചായത്തിൽ SOR നിരക്കിൽ തയ്യാറാക്കിയ പ്രസ്തുത ടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഇപ്രകാരം കുറവു വരുത്താതിരുന്നതു മൂലം കൺവീനർക്ക് അധിക തുക നല്കാനിടയായി.

15 ബാരൽ ടാറിന് (2427 കി.ഗ്രാം) കേരള സിഡ്കോയുടെ ഇൻവോയ്സ് നം. 16447/29.03.2016 പ്രകാരമുള്ള തുക 75957/- രൂപയാണ്. അതായത് ഒരു കി.ഗ്രാം ടാർ 31.30 രൂപയ്ക്ക് കൺവീനർക്ക് ലഭിച്ചിട്ടുണ്ട്.

നിരക്കിലെ വ്യത്യാസം (അധികം ) - > 44.058- 31.30 =12.76 /kg

| | |
|---|---|
| പ്രോജക്ട് വിശദാംശം | പ്രോ. നം. S0096/16<br>(പൂത്തറ റോഡ് ടാറിംഗ്)<br>അടങ്കൽ- 3,30,276/- (മെയിന്റനൻസ് ഫണ്ട് - റോഡ്) |
| കൺവീനറുടെ പേര് | ശ്രീ. സണ്ണി ജോസ് |
| ടാറിംഗ്ചെയ്ത വിസ്തീർണം / അളവു പുസ്തകം | 792 എം$^2$. (ആയത് എസ്റ്റിമേറ്റ് അളവായ 789 എം$^2$ നിജപ്പെടുത്തി.)<br>62/14-15 |
| ആവശ്യമായ ബിറ്റുമിൻ (കി.ഗ്രാം) | 2304.72 കി.ഗ്രാം (792x2.91) |
| ബിറ്റുമിന് (161.8kg VG10 ബാരലിന്) കൺവീനർക്ക് ചെലവായ തുക | 2304.72x31.30/kg=72138/- രൂപ |
| അധികം നൽകാനിടയായ തുക | 2304.72x12.76/kg=29,408/- രൂപ |
| മറ്റ് വിവരങ്ങൾ | സ്പിൽ ഓവർ പ്രോജക്ട് നം. : 07/17<br>(പൂത്തറ റോഡ് ടാറിംഗ്)<br>അടങ്കൽ : 3,30,276/-(മെയിന്റനൻസ് ഫണ്ട് -റോഡ്)<br>ചെലവ് : 3,16,185/- (ബിൽ നം. 01/16-17)<br>കരാർ നം. 62/AE/LSG/VLR/14-15, തീ : 21/03/15<br>CC 1$^{st}$ & Final Bill<br>പ്രവൃത്തി മൂല്യം : 298288/-<br>നികുതി, മറ്റ് കിഴിവുകൾ : 14914+2983<br>കൺവീനർക്ക് നൽകിയ തുക : 298288/-<br>(Page No. 33 of MB) |

അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം. 11/31.08.17). ടാറിന്റെ വില വ്യത്യാസം ഇനത്തിൽ യാതൊരു തുകയും ഫൈനൽ ബില്ലിൽ കുറവു ചെയ്യാതിരുന്നതു മൂലം 29,408/- രൂപ കൺവീനർക്ക് അധികം നല്കാനിടയായി. അധിക ചെലവഴിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കൺവീനറിൽ നിന്നോ നഷ്ടത്തിനുത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-16 ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്യാതിരുന്നത് മൂലം അധിക തുക നൽകി

2016-17 വർഷം നിർവ്വഹിക്കപ്പെട്ട പൂത്തറ റോഡ് ടാറിംഗ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിനാൽ ഒഴിഞ്ഞ ഒരു ബാരലിന്റെ വിലയായി നികുതിയടക്കം 250/-രൂപ വീതം ബില്ലിൽ കുറവു ചെയ്യേണ്ടിയിരുന്നു. തൻവർഷം ടി പ്രവൃത്തിയ്ക്കായി കൺവീനറായ ശ്രീ. സണ്ണി ജോസ് 15 ബാരൽ ടാറാണ് ഉപയോഗിച്ചിട്ടുള്ളത്. (കേരള സിഡ്കോ ഇൻവോയ്സ് നം. 16447/29.03.2016). തൻമൂലം ഈയിനത്തിൽ 3750/- രൂപ ബില്ലിൽ കുറയ്ക്കേണ്ടിയിരുന്നു.

| | |
|---|---|
| പ്രോജക്ട് | പൂത്തറ റോഡ് ടാറിംഗ് (നം. 07/17) |
| അടങ്കൽ | 330276/- (മെ.ഫ) |
| ചെലവ് | 316185/- |
| പ്രവൃത്തി മൂല്യം | 298288/- |
| ബിൽനം./ തീയതി | 01/16-17/17.08.2016 |
| ഉപയോഗിച്ച ടാറിന്റെ അളവ് | 792x2.91= 2304.72 |
| അളവ് പുസ്തകം | 62/14-15 |
| ഫൈനൽ ബില്ലിൽ നിന്നും കുറയ്ക്കേണ്ടിയിരുന്ന ബാരലിന്റെ വില | 15x 250= 3750/-രൂപ |

ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിൻ നിരക്ക് നൽകിയതിനാൽ കൺവീനറിൽ നിന്നും കാലി വീപ്പ തിരികെ ലഭ്യമാകാത്ത സാഹചര്യത്തിൽ ആയതിന്റെ നിരക്ക് ഈടാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/31.08.17) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.ആയതിനാൽ ടി ഇനത്തിൽ അധികം നൽകിയ തുക 3750/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കൺവീനർ തുക ഒടുക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-17 യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

വയലാർ പി.എച്ച്.സി. യ്ക്ക് ലാബ് കെട്ടിടം നിർമ്മാണം എന്ന പ്രോജക്ട് നടപ്പാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് Bidder ആയ ശ്രീ. എ.ജി. ആന്റണി എന്ന കരാറുകാരനാണ് . ടിയാന്റെ ടെണ്ടർ 08.01.2016-ൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിനെ തുടർന്ന് 30.01.2016-ൽ 02/15-16 -ാം നമ്പർ സെലക്ഷൻ നോട്ടീസ് പ്രകാരം 08.02.2016 ന് മുൻപായി കരാർ ഉടമ്പടി ഒപ്പുവെയ്ക്കാൻ നിർദ്ദേശിച്ചിരുന്നു. പിഴ കൂടാതെ കരാർ ഉടമ്പടി ഒപ്പു വെയ്ക്കാനുള്ള സമയപരിധി 11-02-2016 വരെയാണെന്നും ശേഷം 19.02.2016 വരെ കരാർ തുകയുടെ 1% പിഴ ചുമത്തി ഒപ്പ് വെയ്ക്കാവുന്നതാണെന്നും പ്രസ്തുത സെലക്ഷൻ നോട്ടീസിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ കരാറുകാരനായ ശ്രീ. എ.ജി. ആന്റണി കരാർ ഉടമ്പടി ഒപ്പു വെച്ചത് 12.02.2016-ൽ ആയതിനാൽ കരാർ തുകയുടെ 1% ആയ (996948 x 1%) 9969/- രൂപ പിഴ ചുമത്തി വേണമായിരുന്നു കരാർ നൽകേണ്ടിയിരുന്നത്. ( കേരള പൊതു മരാമത്ത് മാന്വലിലെ സെക്ഷൻ 2009.6). പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം പിഴ ചുമത്തിയിട്ടില്ലെന്ന് കാണുകയുണ്ടായി.

*<u>പ്രോജക്ട് വിശദാംശം താഴെ കൊടുക്കുന്നു.</u>*

*പ്രോജക്ട് നം. : 26/17*

*തൻവർഷ അടങ്കൽ : 680,060/-*

*(മികച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനമായി തെരഞ്ഞെടുക്കപ്പെട്ടതിന് ലഭിച്ച പ്രോത്സാഹന ധന സഹായം )*

*ചെലവ് : 6,32,095/- (ചെക്ക് നം. 1604560/30.08.16)*

*കരാർ നം. : 51/AE/LSGD/VLR/15-16 തീ: 12.02.2016*

*അളവ് പുസ്തകം : 51/15,16, 51A/15-16*

അപാകതയിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 21/31.08.17) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരനിൽ നിന്ന് 9969/- രൂപ പിഴ ഈടാക്കി ഒടുക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-18 <u>മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

ഗ്രാമ പഞ്ചായത്തിലെ 2016-17 വർഷത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിൽ പദ്ധതികൾ പ്രധാനമായും നടത്തിയത് ഭവന/ ശുചിമുറി നിർമ്മാണ മേഖലയിലെ അവിദഗ്ധതൊഴിലാളികളുടെ സേവനം ആവശ്യമായിടത്തും കാർഷിക-ജലസംരക്ഷണ അനുബന്ധ മേഖലകളിലുമാണ്. നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) <u>രജിസ്ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം</u>

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 178 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4333 |
| തൊഴിലിന് അപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2533 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2533 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 181417 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 537 |

(2) ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ (2016-17)

| | |
|---|---|
| തൻവർഷം ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 528 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 528 |
| തൻവർഷം പൂർത്തിയാക്കിയത് | 463 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 15 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 35 |
| തൻവർഷം പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം | 89% |

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. എന്നാൽ തൊഴിലപേക്ഷ നൽകിയ മുഴുവൻ കുടുബങ്ങൾക്കും 100 തൊഴിൽ ദിനങ്ങൾ നൽകാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 21.20 % കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. തൊഴിലിനപേക്ഷിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന.

വയലാർ ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

*I. റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട്*

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 13915513 |
| വരവ് | : | 48262564 |
| ആകെ | : | 62178077 |
| ചെലവ് | : | 46697897 |
| നീക്കിയിരിപ്പ് | : | 15480180 |

*II. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്*

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും ചെലവിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു.

| | | |
|---|---|---|
| ആദായം | : | 129198912 |
| (-) ചെലവ് | : | 130074975 |
| (-) പ്രയർ പീരീഡ് ഐറ്റം | : | 1197217 |
| ഡെഫിസിറ്റ് | : | 321154 |

*III. ബാലൻസ് ഷീറ്റ്*

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 46334579 |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 44026209.25 |
| പഞ്ചായത്ത് ഫണ്ട് | 2308369.75 |

വാർഷിക കണക്കിലെ ന്യൂനതകൾ

രസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. 2015-16 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ജില്ലാ സഹകരണ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിലെ നീക്കിബാക്കി 3529094/- രൂപയാണ്. എന്നാൽ തൻവർഷം ടി അക്കൗണ്ടിലെ മുൻബാക്കിയായി കാണിച്ചിരിക്കുന്നത് 3573126/- രൂപയാണ്.

2. താഴെ പറയുന്ന അക്കൗണ്ടുകളിലെ നീക്കിബാക്കിയും ധനകാര്യ പത്രികയിലെ നീക്കിയിരുപ്പും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ടിന്റെ പേര് | പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് | ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരുപ്പ് |
|---|---|---|
| സാക്ഷരത (A/C No-005401) | 16390.35 | 15090 |
| നിർമ്മൽ (A/C No-011900) | 504292 | 169587 |
| ദുരിതാശ്യാസം (A/C No -006015) | 86398 | 2406 |
| ടോട്ടൽ സാനിട്ടേഷൻ (A/C No- 005815) | 66 | 62 |

3. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചതായി സാംഖ്യ, സുലേഖ എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന 73,015/- രൂപ യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ടിട്ടില്ല.
4. കെട്ടിട വാടകയിനത്തിൽ രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് RP-43 പ്രകാരമുള്ള തൻവർഷ വരവ് 25104/- രൂപയാണ്. എന്നാൽ കെട്ടിട വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം 31212 രൂപയാണ് യഥാർത്ഥ വരവ്.
5. കെട്ടിട വാടക I-3 ഷെഡ്യൂൾ പ്രകാരമുള്ള ഡിമാന്റ് (26,544/- രൂപ) രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റുമായി (31212/- രൂപ) പൊരുത്തപ്പെടുന്നില്ല.
6. കെട്ടിട വാടക കുടിശ്ശികയിനത്തിൽ RP-43ൽ 460/- രൂപ വരവായി കാണിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-15ലും ഡിമാന്റ് രജിസ്റ്ററിലും ഇത്തരമൊരു തുകയില്ല.
7. രജിസ്റ്റർ പ്രകാരമുള്ള ട്രേഡേഴ്സ് തൊഴിൽ നികുതി കുടിശ്ശികയായ 13560/- രൂപ ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.
8. ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി തൻവർഷം വാട്ടർ അതോറിറ്റിയിൽ 8,11,500/- രൂപ നിക്ഷേപിച്ചിട്ടു

ണ്ടെങ്കിലും വാർഷിക കണക്കിൽ (B-18, RP-47) ഉൾപ്പെടുത്തിയിരിക്കുന്നത് 3,11,500/- രൂപയാണ്.

9. ഭൂമി വാങ്ങുന്നതിനായി പ്രോജക്ട് പ്രകാരം ചെലവഴിച്ചിരിക്കുന്നത് 41,32,670/- രൂപയാണെങ്കിലും ഷെഡ്യൂൾ B-11ൽ ആസ്തിമൂല്യമായി കാണിച്ചിട്ടുള്ളത് 42,07,740/- രൂപയാണ്.
10. വസ്തു നികുതി കുടിശ്ശികയിനത്തിൽ RP-43ൽ 16,13,226/- രൂപ വരവായി കാണിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-15പ്രകാരം കുടിശ്ശികയിനത്തിൽ 14,28,246/- രൂപയാണ് ലഭിക്കാനുള്ളത്.
11. സാംഖ്യ പ്രകാരം തൻവർഷ വസ്തു നികുതി കളക്ഷൻ 18,99,588/- രൂപയാണ്. ഇത് സഞ്ചയ പ്രകാരമുള്ള കളക്ഷനുമായി (1826900/- രൂപ) പൊരുത്തപ്പെടുന്നില്ല.
12. ഗാർഹിക കുടിവെള്ള കണക്ഷനായി വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്യുന്നതിനായി പ്രോജക്ട് പ്രകാരം സി.ഡി.എസിന് നൽകിയ 58,900/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.
13. വാർഷിക കണക്കിൽ സാംഖ്യ സമ്പ്രദായം നിലവിൽ വരുന്നതിന് മുൻപുള്ള ആസ്തികൾ തിട്ടപ്പെടുത്തി നൽകിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ബാലൻസ് ഷീറ്റിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.
14. ശുചിത്വ മിഷൻ ഗ്രാന്റായി തൻവർഷം 9,48,000/- രൂപ ലഭിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ (ആർ.പി – 31) 6,00,000/- രൂപയാണ് വരവായി രേഖപ്പെടുത്തിയിട്ടുള്ളത്.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | പാലിന് സബ്സിഡി | 300000 | 0 |
| കേന്ദ്ര വിഹിതം | 2016-17 | 488204 | അംഗനവാടി പോഷകാഹാര വിതരണം | 268120 | 220084 |
| ശുചിത്വ മിഷൻ | 2016-17 | 732000 | കക്കൂസ് നിർമ്മാണം (ജനറൽ) | 564000 | 168000 |
| ശുചിത്വ മിഷൻ | 2016-17 | 216000 | കക്കൂസ് നിർമ്മാണം (എസ്.സി) (സ്പിൽ ഓവർ) | 60000 | 156000 |
| കേന്ദ്രാവിഷ്കൃതം RGPSA | 2016-17 | 1500000 | വയലാർ പഞ്ചായത്ത് ഓഫീസ് പൂർത്തീകരണം | 204883 | 1295117 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | | | തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ ഇലക്ട്രിക് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ. | ബിൽ നം. 43/16-17/ 31.03.17 | 511748 | 511748 | 0 |
| കെ.ഡബ്ല്യു.എ. | വിവിധ അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ | ബിൽ നം. 40/16-17/ 31.03.17 | 311500 | 311500 | 0 |
| കെ.എസ്.ഇ.ബി. | വാർഡ് 10 തെരുവ് വിളക്കുകളുടെ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ. | ബിൽ നം. 41/16-17/ 31.03.17- 153305/-<br>42/16-17/31.03.17- 332772/- | 486077 | 486077 | 0 |
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ ഇലക്ട്രിക് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (എസ്.സി) | ബിൽ നം. 33/16-17 /31.03.17 | 484260 | 484260 | 0 |
| കുടുംബശ്രീ. സി.ഡി.എസ്. | ജപ്പാൻ കുടിവെള്ള കണക്ഷൻ എസ്.ടി. - സി.ഡി.എസ്. ഏജൻസി വഴി ചെയ്യുന്നത് | ബിൽ നം. 25/16-17/ 30.03.17 | 58900 | 58900 | 0 |
| കെ.ഡബ്ല്യു.എ | ജപ്പാൻ കുടിവെള്ള കണക്ഷൻ എസ്.സി. വാട്ടർ അതോറിറ്റിയിൽ തുക അടവാക്കുന്നത്. | ബിൽ നം. 24/16-17/ 30.03.17 | 500000 | 500000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻ വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3605/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2013-14 | ഖ. 2.1 | 250/- | അനുപമ, | 11603101489/ 06.09.2016 |
| | | 103/- | ആസാദ് മുഹമ്മദ് എൽ.പി.എസ്. | |

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2015-16 | ഖ. 2.2 | 150 | ലിസി.വി.വി. | 11603103265/ 23.02.2017 |
| 2015-16 | ഖ. 2.2 | 150/- | ബാലകൃഷ്ണൻ നായർ | 11603103334/ 28.02.2017 |
| 2014-15 | ഖ. 2.6 | 229/- | ഉലഹന്നാൻ | 11603104058/ 30.03.2017 |
| | | 229/- | | 11603104059/ 30.03.2017 |
| 2014-15 | ഖ. 2.2 | 213/- | മാനേജിംഗ് ഡയറക്ടർ, വസുന്ധര റിസോർട്ട് | 11603500019/ 18.11.2016 |
| 2015-16 | ഖ.3-1 | 531/- | വി.സുശീല, അസിസ്റ്റന്റ് സെക്രട്ടറി | 11603103841/ 24.03.2017 |
| 2015-16 | ഖ.3-2 | 1650/- | വി.സുശീല, അസിസ്റ്റന്റ് സെക്രട്ടറി | 11603103843/- 24.03.2017 |
| 2015-16 | ഖ.3-2 | 100/- | രാധാകൃഷ്ണ കുറുപ്പ്, ഹെഡ് ക്ലാർക്ക് | 11603103844/ 24.03.2017 |
| ആകെ | | 3605/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,82,62,564/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,66,97,897/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4350 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 38,548/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 34,66,924/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4(1) | 600 | | പി. ഡി. ജോഷി,സെക്രട്ടറി |
| 2-4(2) | 1250 | | |
| 2-4(4) | 2500 | | |
| 3-2 | | 5390 | പി. ഡി. ജോഷി,സെക്രട്ടറി |
| 3-15 | | 29408 | ദിലീഷ്. എൻ. ഡി, അസിസ്റ്റന്റ് എൻജിനീയർ |
| 3-16 | | 3750 | ദിലീഷ്. എൻ. ഡി., അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എൻജിനീയർ |
| ആകെ | 4350 | 38548 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 23,52,485 | മേഴ്സി ചെറിയാൻ, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി -ഇൻ- ചാർജ്) |
| 3-5 | 4,00,000 | പി. ഡി. ജോഷി, സെക്രട്ടറി |
| 3-6 | 13,797 | പി. ഡി. ജോഷി, സെക്രട്ടറി |
| | 18,396 | മേഴ്സി ചെറിയാൻ, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി -ഇൻ- ചാർജ്) |
| 3-7 | 3,20,000 | പി. ഡി. ജോഷി, സെക്രട്ടറി |
| 3-10 | 23,000 | മേഴ്സി ചെറിയാൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 2,17,575 | ഡോ. പ്രസിമോൾ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-13 | 1,21,671- | ഡോ. ശ്രീദേവി, മെഡിക്കൽ ഓഫീസർ ഹോമിയോ |
| ആകെ | 34,66,924 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | മൂല്യ വർദ്ധിത നികുതി | നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം |
|---|---|---|
| 3-2 | 5675/- | |
| 3-8 | | 731/- |
| 3-9 | 4000/- | |
| ആകെ | 9675/- | 731/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| പി.ഡി.ജോഷി,സെക്രട്ടറി | സെക്രട്ടറി,<br>വയലാർ ഗ്രാമ പഞ്ചായത്ത് | പുത്തൻപുരയിൽ,<br>വാരനാട്.പി.ഒ, ചേർത്തല |
| മേഴ്സി ചെറിയാൻ,<br>അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | അറവനാട്ട് ഹൌസ്,<br>വയലാർ.പി.ഒ., ചേർത്തല |
| ഡോ. പ്രസിമോൾ,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി., വയലാർ | പുന്നയ്ക്കൽ പറമ്പിൽ,<br>തൈക്കൽ.പി.ഒ., ചേർത്തല |
| ഡോ. ശ്രീദേവി,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>ഹോമിയോ ഡിസ്പൻസറി,<br>വയലാർ | വാര്യത്തുമഠം, CMC-12,<br>മരുത്തോർവട്ടം.പി.ഒ.,<br>ചേർത്തല. |
| ദിലീഷ്.എൻ.ഡി.,<br>അസിസ്റ്റന്റ്<br>എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ,<br>എൽ.എസ്.ജി.ഡി.,<br>വയലാർ ഗ്രാമ പഞ്ചായത്ത് | നടുവേലിത്തറ,<br>കുമ്പളങ്ങി സൗത്ത് പി.ഒ,<br>കൊച്ചി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01<br>2001-02<br>2002-03 | എൽ.എഫ്.എ5-1832/2011/20.01.12 |
| 2003-04<br>2004-05<br>2005-06 | എൽ.എഫ്.എ5-1832/2011/19.01.12 |
| 2006-07 | എൽ.എഫ്.എ9-275/2010/31.01.11 |
| 2007-08 | എൽ.എഫ്.എ.പി.4-605/2011/28.11.11/3.12.11 |
| 2008-09 | എൽ.എഫ്.എ.പി.4-606/2011/30.11.11/3.12.11 |
| 2009-10 | എൽ.എഫ്.എ.പി.8-503/2012/17.07.12/10.08.12 |
| 2010-11,<br>2011-12 | എൽ.എഫ്.എ.പി.8-112/2013/8.04.13/25.06.13 |
| 2012-13 | എൽ.എഫ്.എ.പി.8-996/201426.06.14/08.12.14 |
| 2013-14 | എൽ.എഫ്.എ.പി.ഇസഡ്-പി8-1071/2015/04.09.15/5.10.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി.2-774/2016/11.07.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി2-1460/16/14.12.2016 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

## അനുബന്ധം-1

നം. കെ.എസ്.എ-എ.എൽ.പി-പി2-1173/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 18.09.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P2-1173/17

Kerala State Audit Department,

District Audit Office, Alappuzha.

Date: 18..09.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vayalar Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Vayalar Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

.

.

Deputy Director

Kerala State Audit Department

Alappuzha